# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

**വിജ്ഞാപനം**

നമ്പർ. 97/ആർ1/2023/കെ.ഡി.ആർ.ബി　　　തിരുവനന്തപുരം
തീയതി : **11.10.2023**

വിജ്ഞാപന തീയതി **11.10.2023**　　　അവസാന തീയതി **09.11.2023**

മലബാർ ദേവസ്വം ബോർഡിൽ **ക്ലർക്ക്** തസ്തികയിൽ തസ്തിക മാറ്റം വഴി നിലവിലുള്ള **ആറ് (6)** ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് മലബാർ ദേവസ്വം ബോർഡിൽ പത്തു വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ ഹിന്ദു മതത്തിൽപ്പെട്ട താഴ്ന്ന ശമ്പളമുള്ള സ്ഥിരം ക്ഷേത്ര ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.kdrb.kerala.gov.inലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഇതിനോടകം രജിസ്ട്രേഷൻ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

| | | |
|---|---|---|
| 1 | കാറ്റഗറി നമ്പരും വർഷവും | **15/2023** |
| 2 | തസ്തികയുടെ പേര് | **ക്ലർക്ക് (മലബാർ ദേവസ്വം ബോർഡിൽ പത്ത് വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ താഴ്ന്ന ശമ്പളമുള്ള സ്ഥിരം ക്ഷേത്ര ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി മാത്രം )** |
| 3 | ദേവസ്വം ബോർഡിന്റെ പേര് | **മലബാർ ദേവസ്വം ബോർഡ്** |
| 4 | ശമ്പള സ്കെയിൽ | **രൂപ 26500 – 60700** |
| 5 | യോഗ്യതകൾ | 1. പ്ലസ് ടു പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത<br>2. ഡി.സി.എ അല്ലെങ്കിൽ തത്തുല്യ യോഗ്യത<br>3. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ **പത്ത് (10)** വർഷത്തെ സ്ഥിരം സർവ്വീസ് പൂർത്തിയാക്കിയിരിക്കണം.<br><br>**കുറിപ്പ് :** സർവ്വീസ് തെളിയിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് കെ.ഡി.ആർ.ബി ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്. സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക ഇതോടൊപ്പം ചേർത്തിരിക്കുന്നു. |
| 6 | ഒഴിവുകളുടെ എണ്ണം | 6 (ആറ് )<br>മുകളിൽ കാണിച്ചിരിക്കുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്.<br>കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടം മൂന്നിൽ പറഞ്ഞിരിക്കുന്ന സംവരണ വ്യവസ്ഥ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല. |

| | | |
|---|---|---|
| 7 | നിയമനരീതി | ക്ഷേത്ര ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം |
| 8 | പ്രായ പരിധി | **പരമാവധി 50 വയസ്സ്**<br>**02.01.1973 നോ അതിനു ശേഷമോ ജനിച്ചവരായിരിക്കണം.** |
| 9 | പരീക്ഷാഫീസ് തുകയും അടയ്ക്കേണ്ട രീതിയും | രൂപ 300/-(മുന്നൂറ് രൂപ മാത്രം)<br>(കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ് പോർട്ടലിലെ പേമെന്റ് ഗേറ്റ് വേ വഴി ഓൺലൈനായി തുക അടയ്ക്കേണ്ടതാണ്) |
| 10 | മറ്റ് വിവരങ്ങൾ | 1. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സിൽ കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി മലബാർ ദേവസ്വം ബോർഡിൽ 26500 – 60700 എന്ന ശമ്പള സ്കെയിലിന് താഴെ ശമ്പളം വാങ്ങുന്നവരും പത്ത് (10) വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയവരുമായ സ്ഥിരം ക്ഷേത്ര ജീവനക്കാരുടെ ഗണത്തിൽപ്പെട്ടവർക്ക് മാത്രമേ ഈ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കുവാൻ അർഹതയുള്ളു. **അപേക്ഷകർ മലബാർ ദേവസ്വം ബോർഡിൽ പത്ത് വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ താഴ്ന്ന ശമ്പളമുള്ള സ്ഥിരം ജീവനക്കാരൻ/ ജീവനക്കാരി ആയിരിക്കണം. എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴിയോ മറ്റ് തരത്തിലോ താത്കാലികമായോ, ദിവസവേതനത്തിലോ ജോലി ചെയ്യുന്നവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.**<br>2. ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ, മറ്റുള്ള സംവരണാനുകൂല്യങ്ങൾ എന്നിവയൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.<br>3. തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഒരു ഒ.എം.ആർ പരീക്ഷ നടത്തുന്നതാണ്. ഇതിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഒ.എം.ആർ പരീക്ഷയിൽ 40 ശതമാനം മാർക്ക് നേടുന്നവർക്ക് മാത്രമേ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ളൂ. തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ നിയമനം ലഭിച്ചിട്ടില്ലായെങ്കിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഇതേ തസ്തികയിലേയ്ക്ക് പിന്നീട് നടത്തുന്ന എഴുത്തു പരീക്ഷയിലൂടെ തസ്തികമാറ്റം |

| | | |
|---|---|---|
| | | വഴിയുള്ള നിയമനത്തിനായി തയ്യാറാക്കുന്ന പുതിയ റാങ്ക് ലിസ്റ്റിന്റെ ആദ്യം ഇവരെ ഉൾപ്പെടുത്തുന്നതും ഒഴിവുകൾ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതുമാണ്.<br>4. **തസ്തിക മാറ്റം വഴി നിയമനത്തിനായി അപേക്ഷ സമർപ്പിയ്ക്കുന്ന ജീവനക്കാർ അവർ ജോലി ചെയ്യുന്ന തസ്തിക, പ്രൊബേഷൻ പൂർത്തിയായ തീയതി, സേവനദൈർഘ്യം തുടങ്ങിയ വിവരങ്ങൾ വ്യക്തമാക്കുന്ന ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് വകുപ്പ് മേധാവിയിൽ നിന്ന് വാങ്ങി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക അനുബന്ധമായി ചേർക്കുന്നു.** |
| 11 | അപേക്ഷ അയയ്ക്കേണ്ട വിധം | ഉദ്യോഗാർത്ഥികൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.kdrb.kerala.gov.in വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ് സൈറ്റിന്റെ ഹോം പേജിലുള്ള "Apply Online" എന്ന ലിങ്കിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ യൂസർ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ് ലോഡ് ചെയ്യുന്ന ഫോട്ടോ മൂന്നു മാസത്തിനകം എടുത്തത് ആയിരിക്കണം ഒരിക്കൽ അപ് ലോഡ് ചെയ്ത ഫോട്ടോ തുടർന്നുള്ള അപേക്ഷ സമർപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. പ്രൊഫൈലിലെ പ്രിന്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഉദ്യോഗാർത്ഥിയ്ക്ക് താൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്. പാസ്സ് വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും പ്രൊഫൈലിൽ നൽകിയിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. അപേക്ഷിക്കുന്നതിനു മുമ്പ് തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പു വരുത്തേണ്ടതാണ്. റിക്രൂട്ട്മെന്റ് ബോർഡുമായുള്ള കത്തിടപാടുകളിലും യൂസർ ഐഡി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഈ തസ്തികയിലേയ്ക്ക് റിക്രൂട്ട്മെന്റ് ബോർഡിന് മുമ്പാകെ വിജയകരമായി സമർപ്പിക്കുന്ന അപേക്ഷകൾ താല്ക്കാലികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്തുന്നതിനോ, അപേക്ഷ പിൻവലിക്കുന്നതിനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏത് ഘട്ടത്തിലായാലും,സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായി കാണുന്ന പക്ഷം നിരുപാധികം നിരസിക്കപ്പെടുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് |

| | | |
|---|---|---|
| | | ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. പരീക്ഷാഫീസ് തുക കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലൂടെ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഡി.ഡി. ആയോ മണി ഓർഡറായോ ചെല്ലാൻ മുഖാന്തിരമോ മറ്റേതെങ്കിലും രീതിയിലോ ഫീസ് അടയ്ക്കുവാൻ പാടില്ല. **ഒരിക്കൽ അടച്ച ഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതല്ല.** |
| 12 | അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | **09.11.2023** അർദ്ധരാത്രി 12 മണി വരെ |
| 13 | അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം | www.kdrb.kerala.gov.in |

**ഫോട്ടോ, ഐ.ഡി.കാർഡ് , ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് വിജ്ഞാപനത്തിന്റെ പാർട്ട്-II ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായി നോക്കുക.**
**വയസ്സിളവ് , സംവരണം തുടങ്ങിയ മറ്റ് ആനുകൂല്യങ്ങളൊന്നും തന്നെ തസ്തികമാറ്റം വഴിയുള്ള ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.**

സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോര്ഡ്

**FORMAT OF SERVICE CERTIFICATE TO BE PRODUCED FOR RECRUITMENT BY TRANSFER AS CLERK IN MALABAR DEVASWOM BOARD**

1. Name of Candidate :
2. Age and Date of Birth :
3. Name of Post held by the candidate with Scale of Pay and Pay now drawn by the applicant :
4. Whether the post held is heridiitary or not :
5. Date of Commencement of Service and Post :
6. Date of Commencement of continuous service and post :
7. Date of completion of 10 years service :

Certified that the above details in respect of Sri/Smt ........................................................ have been verified by me with the Service Particulars as given in the Service Book of the candidate and that they are found correct. He/she has completed 10 years of service as on ..................... and is eligible to apply for the post of Clerk on Rs.19000-43600 for recruitment by transfer as per rules.

Signature of the Head of Office
with Name and Designation

Place:
Date :

(Office seal)